LIBRARY ARCHIVES Kerala Legislative Assembly

അരേങ്ങാട്ട് പുഴ പാലം നിർമ്മാണം

368 (1453) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട്ട് പുഴപാലം നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട്ട് പുഴ പാലം നിർമ്മാണത്തിനുള്ള ടെണ്ടർ 24-11-2015-ന് ഉറപ്പു. ടെണ്ടറിന് അംഗീകാരം നൽകി കരാറുകാരൻ എഗ്രിമെന്റ് വച്ചതിന് ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

ഞാറ്റുൽ ബീച്ച്-സംസ്ഥാനപാത റോഡിന്റെ എസ്റ്റിമേറ്റ്

369 (1454) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറ്റുൽ ബീച്ചിൽ നിന്നും ജയ് ഹിന്ദ് മൈതാനം വഴി സംസ്ഥാനപാത വരെയെത്തുന്ന റോഡിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എസ്റ്റിമേറ്റ് ലഭിച്ചുവെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പാത മുതൽ ബീച്ചുവരെയുള്ള റോഡിന്റെ ഭരണാനുമതിക്കായും പ്രത്യേകാനുമതിക്കായും ചീഫ് എഞ്ചിനീയർ സമർപ്പിച്ച 270 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരികയാണ്.

കുറ്റ്യന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

370 (1455) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറ്റ്യന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും; ഇതു സംബന്ധിച്ച് ഡി. പി.ആർ. -ആർ. ബി. ഡി. സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ്; എത്ര രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;